**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4062** **20/03/2018-ൽ മറുപടിയ്ക്ക്**

# പച്ചക്കറികളുടെ സംഭരണവും വിപണന സാധ്യതയും

| ചോദ്യം | | മറുപടി | |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) | ഗ്രാമപ്രദേശങ്ങളിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണന സാധ്യതയില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | നടപടി സ്വീകരിക്കുന്നതാണ്. ഗ്രാമ പ്രദേശങ്ങളിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തിവരുന്നുണ്ട്. മാത്രമല്ല ഗ്രാമപ്രദേശങ്ങളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ കൃഷി വകുപ്പും കുടുംബശ്രീ മിഷനും ചേർന്ന് 400 ഗ്രാമീണ ചന്തകളും നടത്തിവരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ 217 ഇക്കോ ഷോപ്പുകളും നടത്തിവരുന്നു. |
| (ബി) | വിവിധ തരം പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്ന ക്ലബ്ബുകൾ വഴിയും നഴ്സറികൾ വഴിയും സംസ്ഥാനത്തിന് അകത്ത് ടൺ കണക്കിന് പച്ചക്കറി ഉൽപാദിപ്പിക്കുകയും അവ വിൽക്കാനാകാതെ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാവുകയും ചെയ്ത കാര്യം പരിശോധിക്കുമോ ; | (ബി) | കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ 15 കേന്ദ്രങ്ങളിൽ ന്യായവില നൽകി സംഭരിക്കുന്നുണ്ട്. ഇതിനുപുറമെ VFPCK-യുടെ കീഴിൽ പ്രവർത്തിക്കുന്ന 9671 Self Help Group-കൾ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും 283 സ്വാശ്രയ കർഷകവിപണി വഴി ലേലം ചെയ്ത് വിറ്റുവരുന്നുണ്ട്. |
| (സി) | കർഷകരും വിവിധ സംഘടനകളും ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഹോർട്ടി കോർപ്പ് എടുക്കുന്നില്ലെന്ന പരാതി പരിശോധിക്കുമോ ; | (സി) | കേരളത്തിലെ കർഷകരുടെ പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ എല്ലാ സംഭരണ കേന്ദ്രങ്ങളിലും എടുക്കുന്നുണ്ട്. |

(contd.........2/-)

| | |
|---|---|
| (ഡി) ഹോർട്ടികോർപ്പിൽ നിന്നും കർഷകർക്ക് അനുകൂല നടപടി ഉണ്ടാകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (ഡി) കർഷകർക്ക് അനുകൂലമായ നടപടികളാണ് ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നത്. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കമ്പോളവിലയേക്കാൾ 10% അധികവില നൽകി കർഷകരിൽ നിന്നും സംഭരിക്കുന്നു. കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചക്കറിയുടെ വില താമസം കൂടാതെ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ